<u>പത്രക്കുറിപ്പ്</u>

**തിരുവനന്തപുരം**: പ്രളയബാധിത പ്രദേശങ്ങളിലെ പൊതു വിദ്യാലയങ്ങളിൽ അധ്യാപകരെയും കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എസ്.സി.ഇ.ആർ.ടി കൗൺസലിംഗ് നടത്തുന്നു. യൂണിസെഫുമായി ചേർന്നുള്ള സംയുക്ത സംരഭമായാണ് ഈ പരിപാടി നടപ്പാക്കുന്നത്. കൗൺസിലിംഗ് സംബന്ധിച്ച ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതും സാങ്കേതിക സഹായം നൽകുന്നതും ബംഗളൂരു ആസ്ഥാനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS) ആണ്. ഇതിന്റെ ആദ്യഘട്ട പരിശീലനം ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകൾ കേന്ദ്രീകരിച്ച് ആരംഭിച്ചു കഴിഞ്ഞു. പ്രത്യേക കൗൺസലിംഗ് ആവശ്യമുള്ള എല്ലാ ജില്ലകളിലേക്കും അടുത്ത ഘട്ടത്തിൽ പരിപാടി വ്യാപിപ്പിക്കും.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി കൂടാതെ പല ബാഹ്യ ഏജൻസികളും സംഘടനകളും വ്യക്തികളും വിദ്യാലയങ്ങളിൽ കൗൺസലിംഗ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പരിപാടികളല്ലാതെ മറ്റൊരു വിധ കൗൺസലിംഗും പൊതുവിദ്യാലയങ്ങളിൽ അനുവദിക്കാൻ പാടുള്ളതല്ല.

വിവിധ വകുപ്പുകൾ ആസൂത്രണം ചെയ്യുന്ന ഗൈഡൻസ് കൗൺസലിംഗ് പരിപാടികളെ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ എസ്.സിഇ.ആർ.ടി കേന്ദ്രീകരിച്ച് ഗൈഡൻസ് - കൗൺസലിംഗ് സെൽ രൂപീകരിക്കും. വിദ്യാലയങ്ങളിൽ നടക്കുന്ന എല്ലാവിധ ഗൈഡൻസ് - കൗൺസലിംഗ് പ്രവർത്തനങ്ങളും ഈ സെല്ലിന്റെ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും ആയിരിക്കും നടപ്പിലാക്കുക. ഈ രംഗത്ത് നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കാൻ ഇത്തരം നിയന്ത്രണം ആവശ്യമാണ് എന്നതിനാൽ വിദ്യാഭ്യാസ ഓഫീസർമാരും പ്രധാനാദ്ധ്യാപകരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**കെ.വി.മോഹൻകുമാർ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

DIRECTORATE OF PUBLIC INSTRUCTION * THIRUVANANTHAPURAM

തിരുവനന്തപുരം
**05.09.2018**